# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 7**

---

## എം.ജി ക്യാറ്റ്; ഓൺലൈൻ രജിസ്ട്രേഷൻ ഇന്നുകൂടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (മെയ് 8) അവസാനിക്കും.

എം.എ, എം.എസ്സി, എം.ടി.ടി.എം, എൽ.എൽ.എം. എം.എഡ്, എം.പി.ഇ.എസ്, പ്രോഗ്രാമുകളുടെ പ്രവേശന പരീക്ഷ മെയ് 17,18 തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. മെയ് 10 മുതൽ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാം.

വിശദ വിവരങ്ങൾ https://cat.mgu.ac.in/ എന്ന വെബ് സൈറ്റിൽ ലഭിക്കും. എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളിലേയ്ക്ക് https://cat.mgu.ac.in/ എന്ന വെബ് സൈറ്റ് വഴിയും എം.ബി.എയ്ക്ക് https://admission.mgu.ac.in എന്ന വെബ്സൈറ്റ് വഴിയുമാണ് അപേക്ഷ നൽകേണ്ടത്.എം.ബി.എ പ്രോഗ്രാമിന് സർവകലാശാല പൊതു പ്രവേശന പരീക്ഷ നടത്തുന്നതല്ല.

ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in എം.ബി.എ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ 0481 2733367 എന്ന ഫോൺ നമ്പറിലും smbs@mgu.ac.in എന്ന ഇ-മെയിലിലിലും ലഭിക്കും.
**(പി.ആർ.ഒ/39/343/2024)**

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ്(അപ്ലൈഡ് റെഗുലർ നവം ബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 20 വരെ ഓൺലൈ നിൽ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..............................

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്കുവേണ്ടിയുള്ള ഒന്നും രണ്ടും സെമ

സ്റ്റർ എംഎ ഇക്കണോമിക്സ്(2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2016, 2017, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 20 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

..............

മൂന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(2022 അഡ്മിഷൻ റഗുലർ, 2021, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 20 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...............................

മൂന്നാം സെമസ്റ്റർ എം.എ തമിഴ് പിജിസിഎസ്എസ്(2022 അ്ഡ്മിഷൻ റഗുലർ, 2021, 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 20 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

**(പി.ആർ.ഒ/39/344/2024)**

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ്-കെമിസ്ട്രി(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും മാർച്ച് 2024) പരീക്ഷയുടെ കോംപ്ലിമെന്ററി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ ജൂൺ ആറു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.......

എട്ടാം സെമസ്റ്റർ ബിഎച്ച്എം(2020 അഡ്മിഷൻ റഗുലർ ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നാളെ(മെയ് ഒൻപത്) മുതൽ പാലാ സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

**(പി.ആർ.ഒ/39/345/2024)**

**പബ്ലിക് റിലേഷൻസ് ഓഫീസർ**